**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2404** **27-02-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി വകയിരുത്തിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുകയുടെ വിശദാംശം നൽകാമോ; | (എ) | പൊതു ആവശ്യ ഫണ്ടിനത്തിൽ 1849.6388 കോടി രൂപയും സംരക്ഷണ ഫണ്ടിനത്തിൽ 3005.6631 കോടി രൂപയും വികസന ഫണ്ടിനത്തിൽ 8048 കോടി രൂപയും ഉൾപ്പെടെ ആകെ 12903.3019 കോടി രൂപ പ്രാദേശിക സർക്കാരുകൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുകയിൽ നാളിതുവരെ എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) | പൊതു ആവശ്യ ഫണ്ടിനത്തിൽ 1555.3751 കോടി രൂപയും സംരക്ഷണ ഫണ്ടിനത്തിൽ 3006.3247 കോടി രൂപയും (റോഡിതരയിനത്തിൽ - 1156.0243 കോടി രൂപ, റോഡിനത്തിൽ - 1850.3004 കോടി രൂപ) വികസന ഫണ്ടിനത്തിൽ 6097.6023 കോടി രൂപയും (94.30 കോടി രൂപ 2021-22-ലെ ആരോഗ്യ ഗ്രാന്റിനത്തിലും, 256 കോടി രൂപ 2021-22-ലെ നോൺ-മില്യൺ പ്ലസ് സിറ്റികളുടെ ടൈഡ് ഗ്രാന്റിനത്തിലും, 569.0609 കോടി രൂപ 2020-21-ൽ അനുവദിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാതെ നിന്ന തുക 2021-22 -ൽ പുനരനുവദിച്ചിട്ടും ചെലവഴിക്കാതെ വന്നത് വീണ്ടും അനുവദിച്ചതും ഉൾപ്പെട്ടിട്ടുണ്ട്.) ഉൾപ്പെടെ ആകെ 10659.3022 കോടി രൂപ പ്രാദേശിക സർക്കാരുകൾക്കായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതത്തിൽ നടപ്പ് സാമ്പത്തിക വർഷം കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | കുറവ് വരുത്തിയിട്ടില്ല |

സെക്ഷൻ ഓഫീസർ